LIBRARY ARCHIVES Kerala Legislative Assembly

കൂടാതെ, ദേശീയ ഔഷധസസ്യമിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി 250 ഏക്കറിൽ അശോകം, 150 ഏക്കറിൽ കുവളം, 250 ഏക്കറിൽ കമിഴ്, 125 ഏക്കറിൽ തിപ്പലി, 62.5 ഏക്കറിൽ ശതാവരി എന്നിവ കൃഷി ചെയ്യുവാൻ വേണ്ടി സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ 51,33,125 രൂപ ചെലവഴിച്ചു.

(ബി) ആറളം ഫാമിൽനിന്നും ലഭിച്ച വിവരമനുസരിച്ച് ഔഷധസസ്യ കൃഷിക്കായി 6845 തൊഴിൽ ദിനങ്ങൾ ഉണ്ടായിരുന്നു. ഇതിൽ ആദിവാസികൾക്ക് 3759 തൊഴിൽ ദിനങ്ങൾ ലഭിച്ചു.

(സി) മാതൃകാ നഴ്സറിയിൽ ഓരോ വർഷവും ഉത്പ്പാദിപ്പിക്കുന്ന 4.12 ലക്ഷം നടീൽ വസ്തുക്കളുടെ വിൽപ്പനമൂലം ആദ്യ വർഷം 145.53 ലക്ഷം രൂപയും രണ്ടാം വർഷം 149.59 ലക്ഷം രൂപയും വരുമാനമായി ലഭിക്കുമെന്നാണ് പ്രോജക്ട് കണക്കാക്കുന്നത്.

കൂടാതെ ഔഷധസസ്യ കൃഷിയിൽ നിന്ന് ഇപ്പോഴത്തെ വില നിലവാര മനുസരിച്ച് നന്നായി പരിപാലിക്കപ്പെടുകയാണെങ്കിൽ ഹ്രസ്വകാല വിളയായ തിപ്പലി രണ്ടാം വർഷം വിളവെടുക്കുമ്പോൾ 125 ഏക്കറിൽനിന്നും ഉദ്ദേശം 78 ലക്ഷം രൂപയും രണ്ടാം വർഷവിളയായ ശതാവരി 62.5 ഏക്കറിൽ വിളവെടുക്കുമ്പോൾ മൂന്നാം വർഷം ഉദ്ദേശം 84.24 ലക്ഷം രൂപയും ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. വൃക്ഷ വിളകളായ അശോകം, കമിഴ്, കുവളം എന്നിവ 7-8 വർഷം കഴിഞ്ഞേ വിളവെടുക്കാൻ സാധിക്കുകയുള്ളൂ. അതിനുശേഷം പ്രതിവർഷം 250 ഏക്കർ അശോകത്തിൽ നിന്നും ഉദ്ദേശം 6.5 കോടി രൂപയും 150 ഏക്കർ കുവളത്തിൽനിന്നും 38.06 കോടി രൂപയും 250 ഏക്കർ കമിഴിൽ നിന്നും 1 കോടി രൂപയും ലഭിക്കും. ശാസ്ത്രീയമായ കണക്കുകൂട്ടലുകൾ പ്രകാരം ഇരുപതു ലഭിക്കുമെന്നാണ് പ്രതീക്ഷ മേൽപ്പറഞ്ഞ തുകയെല്ലാം കമ്പോള നിലവാരത്തിന് അധിഷ്ഠിതമാണ്.

(ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

വിഷാംശരഹിത പച്ചക്കറി ഉൽപ്പാദനം

149 (1518) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

സ്കൂളുകളിൽ കുട്ടികളെ പങ്കാളികളാക്കിക്കൊണ്ട് പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് കൃഷി ഭവൻ എന്തൊക്കെ സഹായങ്ങളാണ് ചെയ്തുവരുന്നത് ;

വിഷാംശ രഹിത പച്ചക്കറി ഉൽപാദിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദമാക്കുമോ ?

ഉത്തരം

സ്കൂളുകളിൽ കുട്ടികളെ പങ്കാളികളാക്കിക്കൊണ്ട് പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും വിഷാംശരഹിത പച്ചക്കറി ഉൽപ്പാദിപ്പിക്കുന്നതിനുമായി 2015-16 പച്ചക്കറി വികസന പദ്ധതിപ്രകാരം സംസ്ഥാനത്തെ കൃഷി ഭവനുകൾ മുഖേന ചുവടെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നു :

1. വിദ്യാലയങ്ങളിൽ പച്ചക്കറി കൃഷി : കുറഞ്ഞത് 10 സെന്റ് എങ്കിലും കൃഷിയോഗ്യമായ ഭൂമി ഉള്ള സ്കൂളുകളുടെ വളപ്പുകളിൽ പച്ചക്കറി കൃഷി ചെയ്യാനായി കൃഷിച്ചെലവായി 4000 രൂപയും പ്രവർത്തനച്ചെലവായി 1000 രൂപയും ഉൾപ്പെടെ 5000 രൂപ ധനസഹായം നൽകുന്നു. ഒരു അദ്ധ്യാപകന്റെ നേതൃത്വത്തിൽ 20-25 വിദ്യാർത്ഥികൾ അടങ്ങുന്ന ഗ്രൂപ്പ് ആയിരിക്കും ഈ കൃഷിയിൽ സജീവ പങ്കാളിത്തം വഹിക്കുന്നത്.

വിഷാംശ രഹിതമായ സുരക്ഷിത പച്ചക്കറി ഉൽപ്പാദിപ്പിക്കുന്നത് സംബന്ധിച്ച് കുട്ടികൾക്ക് പരിശീലന പരിപാടികളും മറ്റ് ബോധവൽക്കരണ ക്ലാസ്സുകളും കൃഷി ഭവന്റെയും അദ്ധ്യാപകരുടെയും നേതൃത്വത്തിൽ നൽകിവരുന്നുണ്ട്. കൂടാതെ സുരക്ഷിത പച്ചക്കറി കൃഷിയെപ്പറ്റി ഫാം ഇൻഫർമേഷൻ ബ്യൂറോ തയ്യാറാക്കിയ സുരക്ഷിത പച്ചക്കറിയ്ക്ക് ഒരു മാർഗ്ഗരേഖ എന്ന കൈപ്പുസ്തകവും മറ്റ് ലഘുലേഖകളും നൽകുന്നുണ്ട്.

2. വീട്ടുവളപ്പിൽ പച്ചക്കറി കൃഷി : വീട്ടുവളപ്പിൽ കൃഷി ചെയ്യാനായി 50 ലക്ഷം വിദ്യാർത്ഥികൾക്ക് 20 രൂപ വില വരുന്ന 5-6 ഇനം പച്ചക്കറി വിത്തുകൾ അടങ്ങിയ വിത്ത് പായ്ക്കറ്റുകൾ സൗജന്യമായി നൽകുന്നു.

വിഷരഹിത പച്ചക്കറികൾ ഉല്പ്പാദിപ്പിക്കുന്നതിന് വൈജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരള ചുവടെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട് :

രാസവളങ്ങളുടെയും കീടനാശിനികളുടെയും അനിയന്ത്രിതമായ ഉപയോഗംമൂലം ഉണ്ടാകുന്ന ദൂഷ്യഫലങ്ങളെക്കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുവാൻ ക്യാമ്പയ്നുകളും പരിശീലന ക്ലാസ്സുകളും നടത്തുന്നുണ്ട്. 2014-15 സാമ്പത്തിക വർഷം 1250 ഹെക്ടറിൽ ജൈവ പച്ചക്കറികൃഷി വ്യാപിപ്പിക്കുന്നതിനായി 187.5 ലക്ഷം രൂപയുടെ പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. ആറായിരത്തോളം കർഷകർക്കാണ് ഈ പദ്ധതിയുടെ പ്രയോജനം ലഭ്യമാകുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

കൂടാതെ സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ വിഷവിമുക്ത പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ചുവടെപ്പറയുന്ന പ്രവർത്തനങ്ങൾ നടത്തിവരുന്നു:

സന്നദ്ധ സംഘടനകൾ, കർഷക കൂട്ടായ്മകൾ, സ്ഥാപനങ്ങൾ എന്നിവർക്കായി ജൈവകൃഷി രീതികൾ പരിചയപ്പെടുത്തുവാനുള്ള ബോധവൽക്കരണ പരിശീലന ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു. പതിനാല് ജില്ലകളിലും ഉറസ്സായ സ്ഥലത്തുള്ള പച്ചക്കറി കൃഷിക്കായി ധനസഹായം നൽകിവരുന്നു. വിഷവിമുക്തമായി പച്ചക്കറി കൃഷി നടപ്പിലാക്കുന്നതിന് വിവധയിനം പച്ചക്കറി തൈകളും ഗുണമേൻമയുള്ള പച്ചക്കറി വിത്ത് പായ്ക്കറ്റുകളും സൗജന്യമായി സന്നദ്ധ സംഘടനകൾക്കും റസിഡൻസ് അസോസിയേഷനുകൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും വിതരണം ചെയ്തിട്ടുണ്ട്. ജൈവകൃഷി രീതികൾ പ്രതിപാദിക്കുന്ന 'ജൈവ പച്ചക്കറി കൃഷി സഹായി' എന്ന കൈപ്പുസ്തകം വിതരണം ചെയ്തുവരുന്നു.

കർഷക പെൻഷൻ കുടിശ്ശിക

150 (1519) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കർഷക പെൻഷൻ ഇനത്തിൽ എത്ര തുക നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ; നിലവിൽ എത്ര മാസത്തെ കുടിശ്ശിക നൽകാനുണ്ട് എന്ന് വ്യക്തമാക്കുമോ ; ഇതു നൽകുന്നതിനുള്ള നടപടി സ്വീകരിയ്ക്കുമോ ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 530.58 കോടി രൂപ കർഷക പെൻഷൻ ഇനത്തിൽ നൽകിയിട്ടുണ്ട്. നിലവിൽ 8 മാസത്തെ കുടിശ്ശിക നൽകാനുണ്ട്. കുടിശ്ശിക തുക ലഭ്യമാക്കുന്നതിനായി എസ്.ഡി.ജി മുഖേനയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കർഷക ആത്മഹത്യകൾ

151 (1520) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ഈ സർക്കാർ അധികാരമേറ്റതിന് ശേഷം എത്ര കർഷക ആത്മഹത്യകൾ നടന്നു എന്ന് അറിയിക്കാമോ ; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;